LIBRARY ARCHIVES Kerala Legislative Assembly

മാനേജ്മെന്റ് സ്കൂളുകളുടെ ഭൂമി വിൽപ്പന

20(2871) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി വിൽക്കുന്നതിനും വ്യാപാര സമുച്ചയങ്ങൾ പണിയുന്നതിനുമായി 2011 മേയ് മാസത്തിന് ശേഷം നാളിതുവരെ എത്ര എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന കാര്യം അറിയിക്കുമോ; വിശദമാക്കുമോ ;

(ബി) ഈ പ്രവണതയോട് സർക്കാർ സമീപനമെന്താണ്; വ്യക്തമാക്കുമോ ;

(സി) മാനേജ്മെന്റുകളുടെ ഇത്തരം അപേക്ഷകളിൽ സർക്കാർ കൈക്കൊണ്ട നടപടി എന്തെന്ന് വിശദമാക്കാമോ ;

(ഡി) ഇങ്ങനെ അടച്ചുപൂട്ടിയ സ്കൂളുകളുടെ എണ്ണമെത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) ഭൂമി വിൽക്കുന്നതിനും വ്യാപാര സമുച്ചയങ്ങൾ പണിയുന്നതിനുമായി 2011 മേയ് മാസത്തിനുശേഷം സ്കൂളുകൾ അടച്ചുപൂട്ടുന്നതിനായി നോട്ടീസ് ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടികളുടെ കുറവ് ചൂണ്ടിക്കാട്ടി വിവിധ മാനേജ്മെന്റുകൾ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ അത്തരം സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് അനുമതി നൽകിയിട്ടില്ല. കുട്ടികളുടെ അഭാവംമൂലം പ്രവർത്തനം നിലച്ചുപോയ കൊല്ലം ജില്ലയിലെ കുരീപ്പുഴ സാലിഹ മെമ്മോറിയൽ ഹൈസ്കൂൾ 17-3-2015-ലെ സ.ഉ.(കൈ) നമ്പർ 71/15/പൊ.വി. പ്രകാരം 2015-16 അദ്ധ്യായന വർഷം മുതൽ അടച്ചുപൂട്ടിയിട്ടുണ്ട്.

സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനം

21(2872) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ജി.ഒ.പി. നമ്പർ 317/05 - 17-8-2015 എന്ന ഉത്തരവ് പ്രകാരം അധിക തസ്തിക നിയമന നിരോധനം കാരണം 2006 മുതൽ അധിക തസ്തിക ലഭിക്കാതിരുന്ന ഏതെങ്കിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് (കായികം, ആർട്സ്, മ്യൂസിക്, പ്രവൃത്തി പരിചയം) 1-6-2011 മുതലോ അല്ലെങ്കിൽ 2011 അക്കാദമിക് വർഷം മുതലോ മാതൃവിദ്യാലത്തിൽ നിയമന അംഗീകാരം നൽകിയിട്ടുണ്ടോ ;